# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>റോഡ് നിർമ്മാണം</u>

2555 ശ്രീ. ഷാഫി പറമ്പിൽ
,, പാലോട് രവി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും പുത്തൻ സംവിധാനങ്ങൾ പ്രാബല്യത്തിൽകൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതിന് സെമിനാർ സംഘടിപ്പിക്കുമോ;

(ഡി) സെമിനാറുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പുതിയ സാങ്കേതിക വിദ്യകൾ അവതരിപ്പിക്കുന്ന കാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം

2556 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാതയിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

2557 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി പദ്ധതി തയ്യാറാക്കുമോ;

(ബി) ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ ഉണ്ടായിരുന്ന എത്ര കിലോമീറ്റർ റോഡാണ് ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് തിരിച്ചെടുത്തിട്ടുളളത്;

(സി) കൊല്ലം ജില്ലയിൽ ഇപ്രകാരം എത്ര കിലോ മീറ്റർ റോഡ് തിരിച്ചെടുത്തിട്ടുണ്ട്;

(ഡി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് പി.ഡബ്ല്യു.ഡി തയ്യാറാക്കിയിട്ടുളള പദ്ധതി എന്താണ്?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ആദിവാസിമേഖലകളിലെ റോഡുകൾ

2558 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വരുന്നതിന് മുമ്പ് ഗ്രാമവികസന വകുപ്പ് ആദിവാസി മേഖലകളിൽ നിർമ്മിച്ച റോഡുകൾ പി.ഡബ്ല്യ.ഡി വകുപ്പ് ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകൾ ഈ റോഡുകളുടെ അറ്റകുറ്റപണി നടത്താതിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ റോഡുകൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>റോഡു പണികളുടെ നിലവാരം ഉറപ്പാക്കുന്നതിന് സംവിധാനം</u>

2559 ശ്രീ. ജോസഫ് വാഴക്കൻ
,, ലൂഡി ലൂയിസ്
,, പാലോട് രവി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുപണികളുടെ നിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ഇതിനായി പ്രത്യേക പരിശോധനാസംഘത്തെ നിയോഗിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

(സി) ഇതിനായി എത്രരൂപ അനുവദിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പുളിഞ്ചോട് ചെമ്പംകണ്ടം റോഡ്</u>

2560 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ മണ്ഡലത്തിലെ പുളിഞ്ചോട് ചെമ്പം കണ്ടം റോഡ് പൊതുമരാമത്തുവകുപ്പ് ഏറ്റെടുക്കുമോ;

(ബി) പ്രസ്തുത റോഡ് ഏറ്റെടുക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ റോഡ് ഏറ്റെടുക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കുറ്റിപ്പുറം - ഇടപ്പിള്ളി റോഡ് നിർമ്മാണം</u>

2561 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 17-ൽ കുറ്റിപ്പുറം-ഇടപ്പിള്ളി റോഡിന്റെ നിർമ്മാണത്തിന് ഇപ്പോഴുള്ള തടസ്സങ്ങളെന്താണ് ;

(ബി) അലൈൻമെന്റ്സ് നിശ്ചയിച്ചിട്ടുണ്ടോ ;

(സി) സ്ഥലമെടുപ്പ് ജോലികൾ ഏത് ഘട്ടത്തിലാണ് ;

(ഡി) ചാവക്കാട് ബൈപ്പാസ് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കുന്നംകുളം ബൈപ്പാസ് നിർമ്മാണം</u>

2562 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളത്തെ ഗതാഗത കുരുക്ക് അവസാനിപ്പിക്കുന്നതിന് ബൈപ്പാസ് റോഡിന്റെ നിർമ്മാണം നടത്തുമെന്ന 2011-12 മാർച്ച് മാസത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കുന്നംകുളം ടൗണിലെ ഗതാഗതക്കുരുക്ക് അവസാനിപ്പിക്കുന്നതിന് ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി മുന്തിയ പരിഗണന നൽകി തുക അനുവദിയ്ക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

കല്‍പ്പറ്റ നിയോജകമണ്ഡലത്തില്‍ പ്രീ- മണ്‍സൂണ്‍ വര്‍ക്കുകള്‍

2563 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജകമണ്ഡലത്തിലെ റോഡുകളുടെ പ്രീ-മണ്‍സൂണ്‍ വര്‍ക്കുകളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത റോഡുകളില്‍ എത്രയെണ്ണം പൂര്‍ത്തിയാക്കിയെന്നും എത്രയെണ്ണം പൂര്‍ത്തിയാക്കാനുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) കല്‍പ്പറ്റ നിയോജകമണ്ഡലത്തിലെ റോഡുകളുടെ പ്രീ-മണ്‍സൂണ്‍ വര്‍ക്കുകള്‍ പൂര്‍ത്തികരിക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

മഴമൂലം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താൻ നടപടി

2564 ശ്രീ. പി. എ. മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്തും റോഡുകൾ അറ്റകുറ്റപ്പണി ചെയ്യാവുന്ന ആധുനിക സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് കേരളത്തിലും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) റോഡുകൾ അടിയന്തരിമായി റിപ്പെയർ ചെയ്യുമ്പോൾ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കേന്ദ്രസർക്കാരിൽ നിന്നും റോഡുകള അറ്റകുറ്റപ്പണി ചെയ്യുന്നതിനായി പ്രത്യേക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ. ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ അനുകൂലമായ സമീപനം ഉണ്ടായിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ നഗരസഭകളിലെ റോഡുകൾ ഒറ്റത്തവണ റിപ്പയർ ചെയ്യുന്നതിതിലേക്ക് ആകെ എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്നും ഓരോ നഗരസഭയ്ക്ക് എത്ര കൊടി രൂപ വീതം അനുവദിച്ചുവെന്നും അറിയിക്കാമോ;

(ഇ) പ്രസ്തുത തുക ചെലവഴിക്കുന്നതിനുളള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ:

(എഫ്) സംസ്ഥാനത്തെ പ്രത്യേക കാലാവസ്ഥയ്ക്ക് അനുയോജ്യമായ റോഡുകള നിർമ്മിക്കുന്നതു സംബന്ധിച്ച് ആവശ്യമായ പരീക്ഷണങ്ങൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് വിശദമായ പരീക്ഷണങ്ങൾ നടത്താൻ നടപികൾ ഉണ്ടാകുമോ;

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

കാലവർഷക്കെടുതികളിൽപ്പെട്ട റോഡുകൾ നന്നാക്കുന്നതിനാവശ്യമായ തുക

2565 ശ്രീ. വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, കെ. അജിത്
,, പി തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതികളിൽപ്പെട്ട് സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡ് തകർന്നിട്ടുണ്ട് ;

(ബി) കാലവർഷക്കെടുതികളിൽപ്പെട്ട റോഡുകൾ നന്നാക്കുന്നതിനാവശ്യമായ തുക കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എത്ര തുക ലഭിച്ചു ;

(സി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തുകൾക്ക് വിട്ടു കൊടുത്ത എത്ര കിലോമീറ്റർ റോഡ് തിരികെ മരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ചെറുപുഴ ഭാഗത്തേക്കുള്ള അപ്രോച്ച് റോഡ്

2566 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ- കാസർഗോഡ് ജില്ലകളെ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട കൊല്ലാട പാലത്തിന് കണ്ണൂർ ജില്ലയിൽ ചെറുപ്പുഴ ഭാഗത്തേക്കുള്ള അപ്രോച്ച് റോഡ് വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ റോഡ് വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

കരമന - കളിയിക്കാവിള ദേശീയപാത

2567 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരമന - കളിയിക്കാവിള ദേശീയപാത 30.1 മീറ്റർ വികസിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) സമയബന്ധിതമായി പ്രസ്തുത പണികൾ പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>വയനാട് ചുരം റോഡിന്റെ ശോചന്യാവസ്ഥ</u>

2568 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഏതെങ്കിലും റോഡുകൾ കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്താൻ തെരഞ്ഞെടുക്കുകയോ നിർദ്ദേശിക്കുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നു വ്യക്തമാക്കുമോ ;

(ബി) നാഷണൽ ഹൈവേ 212-ൽ ഉൾപ്പെട്ട വയനാട് ചുരം റോഡിലെ ഗതാഗതക്കുരുക്കു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടിയെന്നു വ്യക്തമാക്കുമോ ;

(സി) വയനാട് ചുരം റോഡിന്റെ ശോചന്യാവസ്ഥക്കും പ്രശ്നങ്ങൾക്കും പരിഹാരമായി വയനാട്ടിലേക്കുള്ള ബദൽ പാതകളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടെന്നു വ്യക്തമാക്കുമോ ; അവ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ഡി) വയനാട്ടിലേക്കുള്ള ബദൽ റോഡായി 1994-ൽ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ള പൂഴിത്തോട് - പടിഞ്ഞാറത്തറ റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; ഇതു പൂർത്തീകരിക്കാനുള്ള തടസ്സങ്ങൾ നീക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ഇ) ഈ റോഡിനു ഭരണാനുമതി നൽകികൊണ്ടുള്ള ഉത്തരവിന്റെ പകർപ്പു ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വെഞ്ഞാറമൂട് - ഉച്ചക്കട റോഡ്

2569 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് ചാവടിനട - സിസിലിപുരം ഉച്ചക്കട റോഡിന്റെ നവീകരണത്തിന് ടെൻഡർ വിളിച്ച് വർക്ക് ഓർഡർ നല്കിയതെന്നാണ് ;

(ബി) ഈ റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(ഡി) എത്ര തുകയ്ക്കാണ് നവീകരണത്തിനുള്ള വർക്ക് ഓർഡർ നല്കിയിരിക്കുന്നത് ;

(ഇ) നവീകരണപ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വെങ്ങാനൂർ നീലകേശി റോഡ് അറ്റകുറ്റപ്പണികൾ</u>

2570 ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭാതിർത്തിക്കുള്ളിൽ വരുന്ന വെങ്ങാനൂർ-മുള്ളുമുക്ക് നീലകേശി റോഡിന്റെ അറ്റകുറ്റപണികൾ നടത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ കത്ത് പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

**കരുനാഗപ്പള്ളി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് തിരിച്ചെടുത്ത റോഡുകൾ**

2571 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്ന് ജില്ലാ പഞ്ചായത്തിന് വിട്ടുകൊടുത്ത ഏതെല്ലാം റോഡുകളാണ് വകുപ്പ് തിരിച്ചെടുത്തത്;

(ബി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപണികൾക്കായി എത്ര രൂപ വക കൊളളിച്ചിട്ടുണ്ട്; പണി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കാലടി പൂതംകുറ്റി റോഡ് പൂർത്തിയാക്കുവാൻ നടപടി</u>

2572 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടി , ആനപ്പാറ, പൂതംകുറ്റി റോഡ് നിർമ്മാണത്തിലെ അപാകതകൾ ചൂണ്ടികാണിച്ച് സമർപ്പിച്ചിരുന്ന പരാതിയിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ നടത്തിയ അന്വേഷണ റിപ്പോർട്ടിലെ ശുപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; ഈ പ്രവർത്തി അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>അങ്കമാലി മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റ പണികൾക്കായി നടപടികൾ</u>

2573 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ക്വാറികളിൽ നിന്നും അനുവദനീയമായ ഭാരത്തിലധികം ലോഡുമായി വാഹനങ്ങൾ പോകുന്നതിനാൽ റോഡുകൾക്ക് നിശ്ചിത സമയത്തിനു മുമ്പേ തകരാറുകൾ സംഭവിക്കുന്നത് കണക്കിലെടുത്ത് ഈ റോഡുകളുടെ അറ്റകുറ്റ പണികൾക്കായി ക്വാറികളിൽ നിന്നോ സർക്കാരിൽ നിന്നോ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>തലശ്ശേരി-മാഹി ബൈപ്പാസ്സ്</u>

2574 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാഷണല്‍ ഹൈവേയില്‍പ്പെടുന്ന തലശ്ശേരി-മാഹി ബൈപ്പാസ്സിന്റെ നിര്‍മ്മാണ പ്രവര്‍ത്തനം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിനായി എന്തെല്ലാം നടപടിക്രമങ്ങള്‍ പൂര്‍ത്തീകരിച്ചെന്നും ഇനിയെന്തെല്ലാം നടപടി ക്രമങ്ങള്‍ പൂര്‍ത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ;

(സി) തലശ്ശേരി-മാഹി ബൈപ്പാസ്സിന്റെ നിര്‍മ്മാണം പ്രത്യേക പദ്ധതിയായി നടപ്പിലാക്കുന്നതിന് കേന്ദ്രത്തില്‍ സമ്മര്‍ദ്ദം ചെലുത്തുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കുന്നത്തുനാട് മണ്ഡലത്തിലെ മരാമത്ത് പണികൾ</u>

2575 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിരിക്കുന്ന എത്ര ജോലികളാണ് നടക്കുന്നത്;

(ബി) ഇവയിൽ ഓരോന്നിന്റെയും പുരോഗതി വ്യക്തമാക്കാമോ;

(സി) തകർന്നുകിടക്കുന്ന പി.ഡബ്ല്യു.ഡി റോഡിന്റെ റീടാറിംഗ് നടപടികൾ തുടങ്ങിയോ; എങ്കിൽ പണി എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്ത് റോഡുകൾ</u>

2576 ശ്രീ. കെ. അച്ചുതൻ
,, ജോസഫ് വാഴക്കൻ
,, ലൂഡി ലൂയിസ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ത്രിതല പഞ്ചായത്തുകളിൽ നിന്നും റോഡുകൾ ഏറ്റെടുത്ത് അറ്റകുറ്റപ്പണികൾക്കുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്ത് റോഡുകൾ പൊതുമരാമത്ത് ഏറ്റെടുക്കാൻ നടപടി</u>

2577 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ കൈവശമുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കിലോമീറ്റർ റോഡാണ് ഏറ്റെടുക്കുന്നതെന്നും എങ്ങനെയുള്ള റോഡുകളാണ് തദ്ദേശവകുപ്പുകളിൽ നിന്നും ഏറ്റെടുക്കുന്നതെന്നും വിശദമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ റോഡുകളാണ് ഏറ്റെടുക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പേരാമ്പ്ര ബൈപ്പാസ് റോഡ്</u>

2578 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബൈപ്പാസ് റോഡിന്റെ പുതിയ അലൈൻമെന്റ് അംഗീകരിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതു സംബന്ധിച്ച ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മാവേലിക്കര കണ്ടിയൂർ ബൈപ്പാസ് നിർമ്മാണം</u>

2579 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര - കണ്ടിയൂർ ബൈപ്പാസിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കി പദ്ധതി സാക്ഷാത്കരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

കരിവെള്ളൂർ മാവുങ്കാലിൽ റോഡ്

2580 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നാഷണൽ ഹൈവേയിൽ കരിവെള്ളൂർ-പാലക്കുന്ന്-ചെമ്പ്രകാനം-കയ്യൂർ-ചായ്യോം വഴി മാവുങ്കാലിലേക്ക് 15 കിലോമീറ്ററിലധികം ദൂരം ലാഭിക്കാൻ കഴിയുന്നതിനാൽ ഈ റോഡ് നാഷണൽ ഹൈവേയുടെ ബൈപാസ് റോഡായി ഉയർത്തി ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>അടൂര്‍ നിയോജക മണ്ഡലത്തിലെ പി. ഡബ്ല്യൂ.ഡി റോഡുകള്‍</u>

2581 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അടൂര്‍ നിയോജക മണ്ഡലത്തില്‍ നിലവില്‍ നിര്‍മ്മാണം നടക്കുന്ന പി. ഡബ്ല്യൂ.ഡി റോഡുകളുടെ പ്രവര്‍ത്തന പുരോഗതി അറിയിക്കുമോ;

(ബി) നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ക്ക് കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ അവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികള്‍ സ്വീകരിച്ചു എന്നറിയക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് തിരിച്ചെടുത്ത റോഡുകൾ</u>

2582 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാപഞ്ചായത്തുകൾക്ക് കൊടുത്ത എത്ര കിലോമീറ്റർ റോഡുകളാണ് പൊതുമരാമത്ത് വകുപ്പ് തിരിച്ചെടുത്തിട്ടുളളത്;

(ബി) തൃശ്ശൂർ ജില്ലയിൽ ഇപ്രകാരം എത്ര റോഡുകൾ ഉണ്ട്:

(സി) ഓരോ റോഡിന്റെ പേരും□ അവയുടെ കിലോമീറ്ററും വ്യക്താമാക്കാമോ?

# കേരള നിയമസഭ

## 11.10.2011-ലെ മറുപടിക്ക്

ദേശീയപാത വികസിപ്പിക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവർക്കുള്ള നഷ്ടപരിഹാര പാക്കേജിന്റെ അവസ്ഥ

2583 ശ്രീ.ബെന്നി ബെഹനാൻ

,, കെ. ശിവദാസൻ നായർ

,, ഡൊമിനിക് പ്രസന്റേഷൻ

,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന ദേശീയപാതകൾ വികസിപ്പിക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ എന്തെല്ലാം പദ്ധതികളാണ് കൈകൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) നഷ്ടപരിഹാരത്തിന് വേണ്ടി പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത പാക്കേജിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ഡി) വിശദാംശങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ പദ്ധതി

2584 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്ന പദ്ധതിക്ക് എത്രകോടി രൂപ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) റോഡിന്റെ ദൈർഘ്യം എത്രയാണ്;

(സി) ഈ റോഡുകൾക്ക് ടോൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന റോഡുകൾ</u>

2585 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന നാഷണൽ ഹൈവേകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതിയിൽ ഏതൊക്കെ റോഡുകളാണ് ഉൾപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന റോഡുകളിൽ സഞ്ചരിക്കാൻ ടോൾ ഈടാക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

## <u>സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്</u>

2586 ശ്രീ. സി. ദിവാകരൻ
,, ഇ.കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൻ കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള എത്ര കിലോമീറ്റർ റോഡ് പുനർ നിർമ്മിക്കാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

**സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്**

2587 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന് ആവശ്യമായ തുകയിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയായിരിക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്;

(ബി) സംസ്ഥാനത്തെ റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>എക്സ്പ്രസ് ഹൈവേ</u>

2588 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, പി.റ്റി.എ. റഹീം
ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(ബി) ഇതു സംബന്ധിച്ച് നേരത്തെ ഉയർന്നുവന്നിട്ടുളള ആശങ്കകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) നിർമ്മാണം സംബന്ധിച്ച് കേന്ദ്ര സർക്കാരുമായോ മറ്റ് ഏജൻസികളുമായോ എന്തെങ്കിലും കരാറുകളിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശാംദാംശം നൽകുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പുനലൂർ മുവാറ്റുപുഴ സ്റ്റേറ്റ് ഹൈവേ</u>

2589 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി.യുടെ റോഡ് വികസന പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുളള പുനലൂർ-മുവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ നിർമ്മാണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്; എത്ര വർഷം മുൻപ്; ഇതിന് ധനസഹായം ഏത് ഏജൻസിയിൽ നിന്നു എടുക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്; ആകെ എത്ര കിലോമീറ്റർ റോഡാണ് ഈ പദ്ധതിയിലുണ്ടായിരുന്നത്; ഇതിൽ നിർമ്മാണം പൂർത്തിയാക്കിയത് ഏതുഭാഗം; എത്ര കി.മീറ്റർ; ബാക്കി നിർമ്മാണം ആരംഭിക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ 10 വർഷത്തിലധികമായി ഈ റോഡുകളിൽ പാച്ച്വർക്കുകളും മെയിന്റനൻസ് വർക്കുകളും മാത്രമാണ് നടക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുനലൂർ-മുവാറ്റുപുഴ റോഡിന്റെ ഏതെല്ലാം ഭാഗം ഇപ്പോൾ സംസ്ഥാന സർക്കാർ നേരിട്ട് പണം മുടക്കി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; ഉണ്ടെങ്കിൽ ഏതുഭാഗം; എത്ര കി.മീറ്റർ റോഡാണ് ഇങ്ങനെ നവീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഏത് മാനദണ്ഡമനുസരിച്ചാണ് ഈ ഭാഗം മാത്രം നേരിട്ട് പണം മുടക്കി നിർമ്മിക്കാൻ തീരുമാനിച്ചത്;

(ഡി) സംസ്ഥാനത്തെ റോഡുകളുടെ അവസ്ഥയെപ്പറ്റി നടത്തിയിട്ടുളള സർവ്വേകളിൽ ഏറ്റവും തകർന്നുകിടക്കുന്നതായി കണ്ടെത്തിയിട്ടുളള ഈ റോഡിലെ കോന്നി മുതൽ മണിമലവരെയുളള ഭാഗം ഈ പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

# കേരള നിയമസഭ

## 11.10.2011-ലെ മറുപടിക്ക്

(ഇ) തമിഴ്നാട്ടിൽ നിന്നും പുനലൂർവഴി ശബരിമലയ്ക്കും എരുമേലിക്കുമെത്തുന്ന തീർത്ഥാടകരെ പരിഗണിച്ച്,ഈ റോഡിന്റെ കോന്നി മുതൽ മണിമലവരെയുള്ള ഭാഗം അടിയന്തിരമായി റീടാർ ചെയ്യുന്നതിന് ഏതൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ചെര്‍പ്പുളശ്ശേരി -പെരിന്തല്‍മണ്ണ റോഡ് വികസനം</u>

2590 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചെര്‍പ്പുളശ്ശേരി-പെരിന്തല്‍മണ്ണ റോഡ് സ്റ്റേറ്റ് ഹൈവേ ആയി അംഗീകരിച്ചെങ്കിലും ഇതുവരെ വികസന പ്രവര്‍ത്തനങ്ങളൊന്നും നടന്നിട്ടില്ല എന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) മേല്‍പ്പറഞ്ഞ റോഡിന്റെ വികസനത്തിനായി എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഈ റോഡിന്റെ വികസന പ്രവര്‍ത്തനങ്ങള്‍ സമയബന്ധിതമായി നടപ്പിലാക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവർത്തികൾ</u>

2591 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ ഇപ്പോൾ നടന്നുവരുന്നതും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും ടെൻഡർ നടപടികൾ നടക്കാത്തതുമായ മരാമത്ത് പ്രവർത്തികൾക്ക് ഏതൊക്കെയെന്നും പ്രസ്തുത പ്രവർത്തികൾ ഓരോന്നിനും അനുമതി ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) 201112 സാമ്പത്തികവർഷത്തിൽ ഭരണാനുമതി നൽകുന്നതിന് കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പ്രവർത്തികളാണ് പരിഗണിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ബേപ്പൂർ - ചാലിയം റോഡിന്റെ അറ്റകുറ്റപ്പണികൾ</u>

2592 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ ഫറോക്ക് മണ്ണൂർ - കടലുണ്ടി - ചാലിയം റോഡിന്റെ അറ്റകുറ്റപണികൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കും ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>അടൂർ നിയോജക മണ്ഡലത്തിലെ റോഡുകൾ</u>

2593

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിൽ എത്ര പി. ഡബ്ല്യു. ഡി. റോഡുകൾ നിലവിലുണ്ടെന്നും അവയുടെ ഓരോന്നിന്റേയും ദൈർഘ്യവും പേരും അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകളിൽ നിലവിൽ ബജറ്റ് വർക്കുകൾ നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയതെന്നാണെന്ന് തുകയുൾപ്പെടെ അറിയിക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്</u>

2594 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് പ്രകാരം ഏതെല്ലാം റോഡുകളാണ് നവീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിപ്രകാരം നവീകരിക്കുന്ന റോഡുകളുടെ വീതി, ദൂരം എന്നിവ വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം പ്രവൃത്തി ആരംഭിച്ച റോഡുകളുടെ പേരും, പ്രവർത്തി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെട്ട മൊത്തം റോഡുകളുടെ പ്രവൃത്തി എന്നു പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

തങ്കളം - കോഴിപ്പിള്ളി ബൈപ്പാസിന്റെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍

2595 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ തങ്കളം-കോഴിപ്പിള്ളി ബൈപ്പാസിന്റെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ടെണ്ടര്‍ കാലാവധി കഴിഞ്ഞിട്ടും പൂര്‍ത്തിയാകാതെ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ മുടങ്ങിയതിന്റെ കാരണം വിശദമാക്കുമോ;

(സി) റീ ടെണ്ടര്‍ ചെയ്യേണ്ടി വന്നാല്‍ ഉണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദികളാകുന്നവര്‍ക്ക് എതിരെ എന്തെല്ലാം നടപടികള്‍ സ്വീകരിക്കും;

(ഡി) ഈ ബൈപ്പാസിന്റെ നിര്‍മ്മാണം ഉടന്‍ പൂര്‍ത്തിയാക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഏഴിമല രാമന്തളി-വലിയപറമ്പ് കടപ്പുറം റോഡ്</u>

2596 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി ഏഴിമല നേവൽ അക്കാദമി- രാമന്തളി-വലിയപറമ്പ് കടപ്പുറം റോഡ് നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ബേപ്പൂർ കടലുണ്ടി കടവ് റോഡിന്റെ അറ്റകുറ്റപ്പണി

2597 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ കടലുണ്ടി-ചാലിയം-കടലുണ്ടി കടവ് റോഡിന്റെ അറ്റകുറ്റപ്പണി നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രവൃത്തി എപ്പോൾ പൂർത്തിയാവും ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>മീഞ്ചന്ത-ഫറോക്ക് - രാമനാട്ടുകര റോഡിന്റെ അറ്റകുറ്റപണികൾ</u>

2598 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലൂടെ കടന്നു പോകുന്ന ഓൾഡ് എൻ.എച്ച്. റോഡിന്റെ (മീഞ്ചന്ത - ഫറോക്ക് - രാമനാട്ടുകര) അറ്റകുറ്റപ്പണികൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ റോഡിന്റെ ശോചന്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാവും എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>തലശ്ശേരി കോടിയേരി റോഡ് നിർമ്മാണം</u>

2599

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡായ തലശ്ശേരി - കോടിയേരി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

പാപ്പിനിശ്ശേരി - പഴയങ്ങാടി റോഡിന്റെ നിർമ്മാണം

2600 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി ഏറ്റെടുക്കുന്ന പാപ്പിനിശ്ശേരി-പഴയങ്ങാടി റോഡിന്റെ നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റോഡിന്റെ പണി അനിശ്ചിതമായി നീളുന്നതിനാലും അറ്റകുറ്റപ്പണി നടത്താത്തതിനാലും ഗതാഗതം ദുസ്സഹമായ സാഹചര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

ചേര്‍ത്തല എഎസ് കനാല്‍ തീരം റോഡിന്റെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍

2601 ശ്രീ.പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2009-ലെ ബഡ്ജറ്റില്‍ തുക അനുവദിച്ച ചേര്‍ത്തല എ. എസ്. കനാല്‍ തീരം റോഡിന്റെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ജോലികള്‍ ഇപ്പോള്‍ നടക്കുന്നുണ്ടോ ; എന്തു കാരണത്താലാണ് ഇത് തടസ്സപ്പെട്ടിരിക്കുന്നത് എന്ന് അറിയിക്കാമോ ;

(സി) ആയതിന്റെ തടസ്സം നീക്കുന്നതിനും ജോലി അടിയന്തിരമായി പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

**പയ്യന്നൂർ നിയോജക മണ്ഡലത്തിൽ വെള്ളൂർ - പൊടിയോട്ടുചാൽ - പുളിങ്ങോം റോഡ്**

2602 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും ധനസഹായത്തിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ഏറ്റവും അവസാനമായി സി.ആർ.എഫ്. ൽ നിന്നും ധനസഹായം ലഭിച്ചത് എപ്പോഴാണ് ; ഏതൊക്കെ റോഡുകൾക്ക് എന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിൽ നിന്നും ധനസഹായത്തിനായി എതെല്ലാം റോഡുകളാണ് ശുപാർശ ചെയ്തിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ഡി) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ വെള്ളൂർ- പാടിയോട്ടുചാൽ- പുളിങ്ങോം റോഡ് സി.ആർ.എഫ് ൽ നിന്നും ധനസഹായത്തിന് വേണ്ടി ശുപാർശ ചെയ്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത റോഡ് ശുപാർശ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിലെ റോഡുകൾ റിപ്പയർ ചെയ്യാൻ നടപടി.</u>

2603 ശ്രീ. പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മഴക്കാലത്ത് തകർന്ന ഏതെല്ലാം റോഡുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

